പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 1847

10/03/2020 ൽ മറുപടി
നല്കേണ്ടത്.

# തിരുവനന്തപുരം കണ്ണാശുപത്രി കെട്ടിട സുമച്ചയം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.കെ.പ്രശാന്ത്** | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം കണ്ണാശുപത്രിയിൽ പുതിയ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തിട്ടുണ്ടെങ്കിലും പൂർണ്ണ തോതിൽ പ്രയോജനപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ഈ കെട്ടിട സുമച്ചയം പൂർണ്ണമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം കണ്ണാശുപ്രതിയിലെ പുതിയ കെട്ടിടത്തിന്റെ 3 നിലകൾ നിലവിൽ പ്രവർത്തന സജ്ജമാണ്. ഈ മൂന്നു നിലകളിലായി ഒ.പി. രജിസ്ട്രേഷൻ, റഫറൽ ഒ.പി, ഫാർമസി, മൈനർ പ്രൊസീജിയർ റൂമുകൾ, സ്പെഷ്യാലിറ്റി ക്ലിനിക്കുകളായ കോർനിയ ക്ലിനിക്ക്, പീഡിയാട്രിക് ഓഫ്ത്താൽമിക് ക്ലിനിക്, സ്ക്വിന്റ് ക്ലിനിക്, ഗ്ലക്കോമ ക്ലിനിക് മുതലായവ ആധുനിക ഉപകരണങ്ങളോടുകൂടി സജ്ജമാക്കിയിട്ടുണ്ട്. ബാക്കിയു ള്ള 3 നിലകളിലെ ഫാൾസ് റൂഫിംഗ്, ഉൾപ്പടെയുള്ള അവസാനഘട്ട ജോലികൾക്കായി ഒന്നരക്കോടി രൂപയുടെ അനുമതി നൽകുകയും പി.ഡബ്ല്യു.ഡി. വിഭാഗം ഇതിനായി ടെന്റർ വിളിച്ച് വർക്ക് അവാർഡ് ചെയ്തതായി അറിയിച്ചിട്ടുമുണ്ട്. ടെന്റർ പ്രകാരമുള്ള പ്രവൃത്തികൾ അടുത്ത ദിവസങ്ങളിൽത്തന്നെ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) കണ്ണാശുപത്രിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; | (ബി) | കണ്ണാശുപത്രിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നേത്രസംബന്ധമായ ചികിൽസകൾക്കായി എത്തുന്ന രോഗികൾക്ക് വിദഗ്ധ സേവനം ലഭ്യമാക്കുന്നതിലേയ്ക്ക് പുതിയ കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.ഡോക്ടർമാരുടേത് ഉൾപ്പെടെ 92 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി.ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാർക്കായി പ്രത്യേക ടോയ്ലറ്റ് നിർമ്മിച്ചിട്ടുണ്ട്. രോഗികൾക്കായി കസേരകളും സജ്ജമാക്കിയിട്ടുണ്ട്. ആവശ്യമായ ഫർണിച്ചറുകളും |

ആധുനിക ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

(സി) കണ്ണാശുപത്രിയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്;

കണ്ണാശുപത്രിയിൽ പഠിക്കുന്ന പി.ജി. വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. എന്നാൽ ബി.എസ്.സി ഒപ്റ്റോമെട്രി വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പാരാമെഡിക്കൽ കോഴ്സിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണാശുപ്രതിയിലെ ബി.എസ്.സി ഒപ്റ്റോമെട്രി വിദ്യാർത്ഥികൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കണമെന്നുള്ള ആവശ്യത്തിന്മേൽ, പുതിയ പാരാമെഡിക്കൽ ഹോസ്റ്റൽ പൂർത്തിയാകുന്ന മുറയ്ക്ക് പരിഗണിക്കാമെന്ന് ധാരണയായിട്ടുണ്ട്.

(ഡി) തിരുവനന്തപുരം കണ്ണാശുപത്രിയിൽ പുതിയതായി നിർമ്മിച്ച കെട്ടിടം തിരക്കേറിയ പി.ഡബ്ല്യൂ.ഡി.റോഡിന്റെ എതിർവശത്താണെന്നത് രോഗികൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ പഴയ കെട്ടിടവും പുതിയ കെട്ടിടവും തമ്മിൽ ബന്ധിപ്പിക്കുന്ന ഫുട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് പദ്ധതി ഏറ്റെടുക്കുമോ; വ്യക്തമാക്കാമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയില്ല.

സെക്ഷൻ ഓഫീസർ